GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR.28/2025 19.03.2025

**കൃഷിഭവൻ സ്മാർട്ട് ആകുന്നത് സേവനങ്ങളും കൃഷിയും സ്മാർട്ട് ആകുമ്പോൾ : കൃഷിമന്ത്രി പി പ്രസാദ്**

മംഗലപുരം സ്മാർട്ട് കൃഷിഭവൻ ഉദ്ഘാടനം നിർവഹിച്ചു

തിരുവനന്തപുരം: സംസ്ഥാന നടപ്പിലാക്കുന്ന സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ലക്ഷ്യം കൃഷിഭവൻ സ്മാർട്ട് ആക്കുന്നതോടൊപ്പം കൃഷിയും കാർഷിക സേവനങ്ങളും സ്മാർട്ടുക്കലാണെന്ന് കൃഷി മന്ത്രി പി. പ്രസാദ്. തിരുവനന്തപുരം മംഗലപുരം സ്മാർട്ട് കൃഷിഭവൻ ചിറയിൻകീഴ് എം.എൽ.എ. വി. ശശിയുടെ അധ്യക്ഷതയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളോടൊപ്പം പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ഉൾപ്പെടെയുള്ള സൗകര്യങ്ങളും കർഷകർക്കായി ഒരുക്കിക്കൊണ്ടാണ് ഓരോ സ്മാർട്ട് കൃഷി ഭവനുകളും യഥാർത്ഥ്യം ആക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള സംവിധാനങ്ങളൊക്കെയും കർഷകരുടെയും കാർഷിക മേഖലയുടെ സമഗ്ര ഉന്നമനത്തിനുമായി നമുക്ക് വിനിയോഗിക്കാൻ കഴിയണം. കൃഷിഭവനുകൾ സ്മാർട്ട് ആകുമ്പോൾ അതിനോടൊപ്പം ചേർത്ത് വായിക്കേണ്ട ഒന്നാണ് കൃഷിവകുപ്പിന്റെ കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിൽ എന്ന ആശയത്തിൽ തയ്യാറാക്കിയിരിക്കുന്ന കതിർ ആപ്പിന്റെ ഉപയോഗവും. കൃഷിവകുപ്പിന്റെ സേവനങ്ങൾ സുതാര്യവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിന് ലക്ഷ്യം വച്ച് രൂപീകരിച്ചിരിക്കുന്ന കതിർ ആപ്പ് ഇന്ന് സംസ്ഥാനത്തെ സർക്കാർ മേഖലയിൽ നിന്നുള്ള ആദ്യത്തെ 10 ആപ്പുകളിൽ ഒന്നായി സ്ഥാനം പിടിച്ചിട്ടുണ്ട്. കർഷകരേവരും കതിർ ആപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് കർഷകർക്ക് അവരവരുടെ ലോഗിനിൽ നിന്നും കർഷക ഐ.ഡി. കാർഡുകൾ ലഭ്യമാക്കാൻ കഴിയും. പ്ലാൻ ഡോക്ടർ പോലുള്ള വിവിധ ആധുനിക സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയിട്ടുള്ള സംവിധാനങ്ങൾ കർഷകർക്കായി കതിർ ആപ്പിൽ വിഭാവന ചെയ്തിട്ടുണ്ട് മന്ത്രി പറഞ്ഞു. കൃഷിഭവൻ പരിധിയിലെ കൃഷിയോഗ്യമായ

എന്നാൽ വിവിധ കാരണങ്ങളാൽ കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമികളെ കണ്ടെത്തേണ്ടതായിട്ടുണ്ട്. നവോ-ധൻ പദ്ധതിയിലൂടെ കൃഷിയോഗ്യമായ മുഴുവൻ സ്ഥലങ്ങളിലും കൃഷി ചെയ്തുകൊണ്ട് മംഗലപുരം ഗ്രാമപഞ്ചായത്തിന് തരിശുരഹിത ഗ്രാമപഞ്ചായത്തായി മാറ്റുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനവും മറ്റ് അനുബന്ധ വകുപ്പുകളും ആയി ബന്ധപ്പെട്ട് സ്വീകരിക്കണമെന്ന് മന്ത്രി യോഗത്തിൽ അറിയിച്ചു. പച്ചക്കറി ഉൽപാദനത്തിൽ കേരളം സ്വയം പര്യാപ്തത ലക്ഷ്യം വച്ചാണ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്. അകഎ പോലുള്ള പദ്ധതികളിലൂടെ കർഷകർക്കായി വാണിജ്യ അടിസ്ഥാനത്തിലുള്ള പദ്ധതികളും കണ്ടെത്തി കർഷകരെ സഹായിച്ചുകൊണ്ട് അവരുടെ ജീവിത നിലവാരം ഉയർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സ്മാർട്ട് കൃഷി ഭവനുകളിലൂടെ നടപ്പിലാക്കണമെന്നാണ് കൃഷിവകുപ്പ് ഉദ്ദേശിച്ചിരിക്കുന്നത് മന്ത്രി പറഞ്ഞു. മംഗലപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുമ ഇടവിളാകം സ്വാഗതം പറഞ്ഞ ചടങ്ങിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ അനിൽകുമാർ എസ് പദ്ധതി വിശദീകരണം നടത്തി. മംഗലപുരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി മുരളീധരൻ നായർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ എസ് അജിത് കുമാർ, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ വനജകുമാരി, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുനിൽ മുരുക്കുംപുഴ ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലൈലാ കെ പി മറ്റ് ഗ്രാമപഞ്ചായത്ത് മെമ്പർമാർ തുടങ്ങിയവർ ആശംസകൾ ധന്യ റ്റി ചടങ്ങിന് നന്ദിയും രേഖപ്പെടുത്തി.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**